REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 07-10-2024 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.
- ADGP M.R അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റി. ഇന്റലിജൻസ് ADGP മനോജ് എബ്രഹാമിന് ക്രമസമാധാന ചുമതല.
- കേരള പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ ഇന്ന് നിയമ സഭയിൽ ഇന്ന് അവതരിപ്പിക്കും.
- ഹരിയാനയിലും ജമ്മുകശ്മീരിലും വോട്ടെണ്ണൽ നാളെ.
- സംസ്ഥാനത്ത് വ്യാഴാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യത.
- വനിതാ ട്വന്റി 20 ലോകകപ്പിൽ ഇന്ത്യ പാക്കിസ്ഥാനെ പരാജയപ്പെടുത്തി. ബംഗ്ലാദേശിനെതിരായ ആദ്യ ട്വന്റി-20 മത്സരത്തിൽ ഇന്ത്യക്ക് ജയം.

## വാർത്തകൾ വിശദമായി

മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ ഉഭയകക്ഷി, പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ ചർച്ചയാകും. കൂടിക്കാഴ്ചയ്ക്ക് ശേഷം

ഇരുരാജ്യങ്ങളും തമ്മിൽ നിരവധി കരാറുകളിൽ ഒപ്പുവെച്ചേക്കും. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് മാലദ്വീപ് പ്രസിഡന്റ് ഡൽഹിയിൽ എത്തിയത് .

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)......

ചർച്ചകൾക്ക് മുമ്പ് മാലദ്വീപ് പ്രസിഡന്റ് ഡോ.മുഹമ്മദ് മുയിസുവിന്, രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകും. രാജ്ഘട്ട് സന്ദർശിക്കുന്ന അദ്ദേഹം മഹാത്മാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിക്കും. ഡോ. മുയിസു നാളെ ആഗ്രയും മുംബൈയും, മറ്റന്നാൾ ബെംഗളൂരുവും സന്ദർശിക്കും.

പ്രസിഡന്റ് ഡോ. മുയിസുവിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ജൂണിൽ അദ്ദേഹം എത്തിയിരുന്നു. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യയുടെ പ്രധാന സമുദ്ര അയൽരാജ്യമായ മാലദ്വീപ്, പ്രധാനമന്ത്രിയുടെ സാഗർ ദർശനത്തിലും ഇന്ത്യയുടെ അയൽപക്ക പ്രഥമ നയത്തിലും പ്രത്യേക സ്ഥാനം വഹിക്കുന്നുണ്ട്.

✪✪✪

ADGP M.R അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റി. സായുധ പൊലീസ് ബറ്റാലിയനിലേക്കാണ് മാറ്റിയത്. ഇന്റലിജൻസ് ADGP മനോജ് എബ്രഹാമിനെ ക്രമസമാധാന ചുമതലയുള്ള ADGP ആയി നിയമിച്ചു.

ADGP എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട് ഉയർന്ന വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും, പൊലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേക സംഘവും അന്വേഷണം നടത്തി റിപ്പോർട്ടുകൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

✪✪✪

ADGP M.R അജിത് കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റിയത് വെറും പ്രഹസനമാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ അഭിപ്രായപ്പെട്ടു. നിയമസഭ സമ്മേളനം ചേരാനിരിക്കെ പ്രതിപക്ഷത്തെ പേടിച്ചാണ് ഇത്തരമൊരു നടപടിയെടുത്തതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾക്ക് ഈ നടപടി പോരെന്നും, ഏത് കാര്യത്തിലാണ് ഇപ്പോഴത്തെ നടപടിയെന്ന് അറിയണമെന്നും സതീശൻ ആവശ്യപ്പെട്ടു.

നടപടിയിൽ തൃപ്തിയില്ലെന്നും നിയമസഭയിൽ കാണാമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

ADGP M.R അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റിയ നടപടി സ്വാഗതം ചെയ്ത CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം നടപടി ഉചിതമായെന്ന് അഭിപ്രായപ്പെട്ടു. CPI യുടെ ആവശ്യം അംഗീകരിച്ചുവെന്നും,LDF രാഷ്ട്രീയത്തിന്റെ വിജയമാണിതെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

RSS നേതാക്കളെ കണ്ട കാര്യം ശ്രദ്ധയിൽ പെട്ടപ്പോൾ തന്നെ അജിത്കുമാറിനെ മാറ്റണമെന്നാവശ്യപ്പെട്ടതാണെന്നും ബിനോയ് വിശ്വം പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ രക്ഷാപ്രവർത്തനമാണ് ADGP M.R അജിത് കുമാറിന് സ്ഥാനമാറ്റം നൽകിയ നടപടിയെന്ന് KPCC പ്രസിഡണ്ട് K സുധാകരൻ കുറ്റപ്പെടുത്തി. ഇത് ശിക്ഷാനടപടിയെന്ന് വിശേഷിപ്പിക്കുന്നത് പോലും നാണക്കേടാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. തൃശൂർപ്പൂരം കലക്കിയത് ഉൾപ്പെടെ പ്രതിപക്ഷ ആരോപണങ്ങളെല്ലാം പരോക്ഷമായി സമ്മതിക്കുന്നതാണ് ADGP യെ ക്രമസമാധാന ചുമതലയിൽ നിന്ന് ഒഴിവാക്കാൻ ഗവൺമെന്റ് നിർബന്ധിതമായ സാഹചര്യമെന്നും സുധാകരൻ പറഞ്ഞു.

✪✪✪

അജിത് കുമാർ ചെയ്ത എല്ലാ പരിപാടികളും മുഖ്യമന്ത്രിക്കു വേണ്ടിയാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. ഇപ്പോൾ അദ്ദേഹത്തിന് ഒരു ട്രാൻസ്ഫർ നൽകി മുഖ്യമന്ത്രി ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണെന്നും ചെന്നിത്തല ആരോപിച്ചു.

✪✪✪

നിയമസഭ സമ്മേളനം ഇന്ന് തുടരും. കേരള പബ്ലിക് സർവീസ് കമ്മീഷൻ ഭേദഗതി ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.

.....(വോയ്സ്)............

✪✪✪

ഹരിയാനയിലെയും ജമ്മുകശ്മീരിലെയും നിയമസഭാ തിരഞ്ഞെടുപ്പ് ഫലം നാളെ. വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും. ആദ്യമണിക്കൂറിൽ ഫലസൂചനകൾ ലഭ്യമാകും. ഉച്ചയോടെ ഫലപ്രഖ്യാപനം പൂർണമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കനത്ത സുരക്ഷാ സന്നാഹങ്ങളാണ് ജമ്മുകശ്മീരിൽ വോട്ടെണ്ണലിനായി ഒരുക്കിയിരിക്കുന്നത്. ജമ്മുകശ്മീരിൽ 370-ാം വകുപ്പും, 35-A വകുപ്പും റദ്ദാക്കിയശേഷം ആദ്യമായാണ് കേന്ദ്രഭരണ പ്രദേശത്ത് വോട്ടെടുപ്പ് നടക്കുന്നത്. പത്തു വർഷത്തിനുശേഷം മൂന്ന് ഘട്ടങ്ങളിലായി നടന്ന വോട്ടെടുപ്പിൽ, മികച്ച പ്രതികരണമായിരുന്നു വോട്ടർമാരിൽ നിന്ന് ലഭിച്ചത്. ജമ്മുകശ്മീരിലും ഹരിയാനയിലും 90 വീതം മണ്ഡലങ്ങളാണ് ഉള്ളത്.

✪✪✪

മലയാള സിനിമാനിർമാണ രംഗത്ത് പുത്തൻ ട്രെൻഡ് കൊണ്ടുവന്നയാളാണ് ചലച്ചിത്ര നിർമാതാവ് P.V ഗംഗാധരനെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ചലച്ചിത്ര നിർമാതാവും മാതൃഭൂമി ഡയരക്ടരുമായിരുന്ന പി വി ഗംഗാധരന്റെ ഓർമദിനത്തിന്റെ ഭാഗമായി കോഴിക്കോട്ട് സംഘടിപ്പിച്ച ചലച്ചിത്ര ശില്പശാലയുടെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോഴിക്കോടിന്റെ വ്യാവസായിക വളർച്ചക്കായി പ്രവർത്തിച്ച PV ഗംഗാധരൻ കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിലും പ്രധാന പങ്ക് വഹിച്ചതായി സുരേഷ് ഗോപി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ചവരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

മലമ്പുഴ ഡാമിന്റെ സ്പിൽൽവേ ഷട്ടറുകൾ രാവിലെ എട്ടിന് തുറക്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി വൈദ്യുതി ഉല്പാദനവും ആരംഭിക്കും. മലമ്പുഴ ഡാമിന്റെ അനുബന്ധ പുഴകളുടെ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

കിഴങ്ങുവിള വികസന പദ്ധതി ഒറ്റത്തവണ പരിപാടിയായി അവസാനിപ്പിക്കരുതെന്ന് മന്ത്രി K. രാജൻ പറഞ്ഞു. കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് നടപ്പിലാക്കുന്ന കിഴങ്ങുവിള വികസന പദ്ധതിയുടെ ഉദ്ഘാടനം തൃശൂർ ഒല്ലൂക്കരയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

അഖിലേന്ത്യാ തലത്തിൽ 100 പട്ടികജാതി കർഷകർക്കായാണ് പദ്ധതി നടപ്പാക്കുന്നതെന്നും, അതിൽ 70 പേരും കേരളത്തിൽ നിന്നാണെന്നും മന്ത്രി പറഞ്ഞു. കോട്ടയം, ആലപ്പുഴ, തൃശൂർ ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഈ 70 കർഷകരിലൂടെ കിഴങ്ങുവിളയുടെ വികസനം മുടക്കമില്ലാതെ തുടരാനും സംസ്ഥാനത്ത് സാധ്യമായ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കാനും കഴിയണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ക്ഷേത്രവും ക്ഷേത്ര കലകളും കേരളത്തിന്റെ സംസ്കാരിക മണ്ഡലം കൂടിയാണെന്ന് മന്ത്രി O.R കേളു പറഞ്ഞു. കലാകാരൻമാരും കവികളും സാഹിത്യകാരന്മാരും കൂടിച്ചേർന്നാണ് ഇന്നത്തെ കേരളം രൂപപ്പെടുത്തിയതെന്നും മന്ത്രി പറഞ്ഞു. 2022ലെ കേരള ക്ഷേത്രകലാ അക്കാദമി പുരസ്കാരങ്ങൾ കണ്ണൂർ എരിപുരത്ത് വിതരണം ചെയ്യുകയായിരുന്നു മന്ത്രി.

ക്ഷേത്രകലാശ്രീ പുരസ്കാരം പ്രശസ്ത ഗായിക K.S ചിത്ര മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി. ക്ഷേത്രകലാ ഫെലോഷിപ്പ് നർത്തകനും

ഗവേഷകനുമായ ഡോ. ആർഎൽവി രാമകൃഷ്ണന് സമ്മാനിച്ചു. ആകെ 36 പുരസ്കാരങ്ങളാണ് സമ്മാനിച്ചത്.

✪✪✪

സിറോ മലബാർ സഭാ ചങ്ങനാശേരി രൂപതാംഗമായ മോൺസിഞ്ഞോർ ജോർജ് കൂവക്കാടിനെ കർദിനാളായി വത്തിക്കാനിൽ നടന്ന ചടങ്ങിൽ ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചു. സ്ഥാനാരോഹണം ഡിസംബർ എട്ടിന് നടക്കും. 20 പുതിയ കർദിനാൾമാരെയാണ് വത്തിക്കാൻ പ്രഖ്യാപിച്ചത്. നിലവിൽ വത്തിക്കാനിലെ മാർപ്പാപ്പയുടെ ഔദ്യോഗിക സംഘത്തിൽ അംഗമാണ് നിയുക്ത കർദിനാൾ. ചങ്ങനാശേരി മാമ്മൂട് ലൂർദ് മാതാ പള്ളി ഇടവകാംഗമാണ് മോൺസിഞ്ഞോർ ജോർജ് കൂവക്കാട്.

കർദിനാൾ ജോർജ് ആലഞ്ചേരിക്കും കർദിനാൾ ബസേലിയോസ് ക്ലീമിസിനും പുറമേയാണ് മറ്റൊരു മലയാളി കൂടി കത്തോലിക്കാ സഭയുടെ ഉന്നത പദവിയെത്തുന്നത്.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് തീർഥാടകരെ തിരഞ്ഞെടുക്കുന്നതിന് നറുക്കെടുപ്പ് ഇന്ന് നടക്കും. രാവിലെ 11.30 ന് ഡൽഹിയിലാണ് നറുക്കെടുപ്പ്. പൊതുവിഭാഗത്തിൽ അപേക്ഷിച്ചവർക്കാണ് നറുക്കെടുപ്പിലൂടെ അവസരം നൽകുന്നത്.

സംസ്ഥാനത്ത് നിന്ന് പൊതുവിഭാഗത്തിൽ ഇത്തവണ 14,351 അപേക്ഷകരുണ്ട്. 65 വയസ്സ് വിഭാഗത്തിൽ അപേക്ഷിച്ചവർക്കും മഹ്റമില്ലാത്ത വനിതകളുടെ വിഭാഗത്തിൽ അപക്ഷിച്ചവർക്കും നേരിട്ട് അവസരം ലഭിക്കും.

✪✪✪

ഐസിസി വനിതാ ട്വന്റി 20 ലോകകപ്പിൽ പാക്കിസ്ഥാനെ തകർത്ത് ഇന്ത്യ ആദ്യ ജയം സ്വന്തമാക്കി. ദുബായിൽ ഗ്രൂപ്പ് A യിലെ രണ്ടാം മത്സരത്തിൽ, ആറു വിക്കറ്റിനാണ് ഇന്ത്യ പാക്കിസ്ഥാനെ തോൽപ്പിച്ചത്.

ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത പാക്കിസ്ഥാൻ, നിശ്ചിത ഓവറിൽ എട്ട് വിക്കറ്റിന് 105 റൺസെടുത്തു. മറുപടി ബാറ്റിംഗിൽ ഏഴ് പന്തുകൾ ബാക്കി നിൽക്കെ നാലു വിക്കറ്റിന് ഇന്ത്യ ലക്ഷ്യത്തിലെത്തി.

മറ്റന്നാൾ ഇന്ത്യ ശ്രീലങ്കയെ നേരിടും.

✪✪✪

**ബംഗ്ലാദേശിനെതിരായ ട്വന്റി-20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ഗ്വാളിയോറിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റിന്റെ അനായാസ ജയം. 128 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ഇന്ത്യ, 11.5 ഓവറിൽ, മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. ഓപ്പണർ സഞ്ജു സാംസണും, സൂര്യകുമാർ യാദവും 29 റൺസ് വീതമെടുത്തു. ഹർദ്ദിക്പാണ്ഡ്യ 16 പന്തിൽ നിന്ന് 39 റൺസെടുത്ത് പുറത്താകാതെ നിന്നു.**

**മൂന്ന് മത്സര പരമ്പരയിലെ രണ്ടാം മത്സരം മറ്റന്നാൾ വൈകിട്ട് ഏഴിന് ഡൽഹിയിലാണ്.**

✪✪✪

**തിരുവനന്തപുരത്ത് സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കാലിക്കട്ട് FC ക്ക് തകർപ്പൻ ജയം. ഒന്നിനെതിരെ നാല് ഗോളുകൾക്ക് തിരുവനന്തപുരം കൊമ്പസിനെയാണ് കലിക്കറ്റ് പരാജയപ്പെടുത്തിയത്.**

✪✪✪

**കൊച്ചിയിൽ സമാപിച്ച 68-ാമത് സംസ്ഥാന സീനിയർ ബാസ്കറ്റ്ബോളിൽ വനിതകളിൽ തിരുവനന്തപുരവും പുരുഷന്മാരിൽ എറണാകുളവും കിരീടം നിലനിർത്തി. വനിതകളുടെ ഫൈനലിൽ തിരുവനന്തപുരം പാലക്കാടിനെയും, പുരുഷ വിഭാഗത്തിൽ എറണാകുളം തിരുവനന്തപുരത്തെയും പരാജയപ്പെടുത്തി.**

**ഇരുവിഭാഗങ്ങളിലും മൂന്നാം സ്ഥാനം കോട്ടയത്തിനാണ്.**

✪✪✪